


## സഹയാത്രികർ

■ അബൂഫിദൽ

# ഫ്രാൻസിൽ എത്ര മുല്ലാ ഉമറുണ്ട്?

**ജനാധിപത്യത്തിന്റെയും** ലിബറൽ മൂല്യങ്ങളുടെയും കളിത്തൊട്ടിലെന്നാണ് ഫ്രാൻസ് അറിയപ്പെടുന്നത്. ഫ്രഞ്ച് വിപ്ലവം നടന്നില്ലായിരുന്നുവെങ്കിൽ ലോകം തന്നെ ഇക്കാണും വിധം ഉണ്ടാകുമായിരുന്നില്ല എന്നു പറഞ്ഞുറപ്പിക്കുന്നതിലാണ് നമ്മുടെ നാട്ടിലെ സെക്യുലറിസ്റ്റുകൾക്ക് താൽപര്യം. അത്തരമൊരു മധുരമനോഹര ഫ്രാൻസിലാണ് ജനങ്ങൾ എന്തു വസ്ത്രം ധരിക്കണം (ധരിക്കരുത്) എന്ന കാര്യത്തിൽ രാജ്യത്തിന്റെ പ്രസിഡന്റ് തന്നെ തീരുമാനമെടുക്കുന്നത്. ബുർഖ അടിമത്തത്തിന്റെ ചിഹ്നമാണെന്നും അതിനാൽ ഫ്രാൻസിൽ അത് അനുവദിക്കില്ലെന്നുമാണ് സർക്കോസി അസന്ദിഗ്ധമായി പ്രഖ്യാപിച്ചത്. സ്കൂൾ കുട്ടികൾ തലമറക്കുന്നത് അങ്ങേര് 2004-ൽ തന്നെ നിരോധിച്ചിട്ടുണ്ട്. കൗതുകകരമെന്നു പറയട്ടെ, തികഞ്ഞ വലതുപക്ഷക്കാരനായ സർകോസിയുടെ ഈ ജനാധിപത്യ വിരുദ്ധ നടപടിയെ പിന്തുണക്കാൻ ഫ്രാൻസിലെ ഇടതുപക്ഷ എം.പിമാരും അദ്ദേഹത്തോടൊപ്പമുണ്ട്. സർകോസിയുടെ പ്രഖ്യാപനത്തെ വിമർശിച്ചു കൊണ്ട് ഫഹ്മി ഹുവൈദി ikhwanweb.org- ൽ എഴുതിയ ലേഖനത്തിന്റെ തലക്കെട്ട് Mulla Umer and Sarkozy എന്നാണ്. *പ്രബോധനം* അത് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയുമുണ്ടായി. അഫ്ഗാനിസ്ഥാനിൽ താലിബാൻ പർദ നിർബന്ധമാക്കിയപ്പോൾ ബഹളം വെച്ച നമ്മുടെ നാട്ടിലെ സെക്യുലർ വീരന്മാർ ഇപ്പോൾ എന്തേ ഒന്നും മിണ്ടുന്നില്ല? പ്രസക്തമായ ഈ ചോദ്യം പക്ഷേ, നമ്മുടെ സാംസ്കാരിക പരിസരത്ത് നിരോധിക്കപ്പെട്ടതു പോലെയാണ്. ഈ ഇരട്ടത്താപ്പിനെ ചോദ്യം ചെയ്യുകയാണ് ഇടതുപക്ഷ ചിന്തകനായ സിവിക് ചന്ദ്രൻ. *മംഗളം* ദിനപത്രത്തിലെ തന്റെ പംക്തിയിൽ (ആഗസ്റ്റ് 01). 'മുസ്‌ലിം സ്ത്രീകൾ പർദ തെരഞ്ഞെടുക്കുന്നത് സ്വന്തം ഇഷ്ടത്തിലാണോ? ആവാം, അല്ലായിരിക്കാം. നവോത്ഥാന കാലത്ത് ബ്ലൗസ് അടിച്ചേൽപിക്കുകയായിരുന്നില്ലേ?'-സിവിക് ചോദിക്കുന്നു.





സർകോസിയുടെ മതേതര ഫാഷിസത്തിനെതിരെ മതേതര ചിന്തകരും എഴുത്തുകാരും മാധ്യമങ്ങളും ഒന്നും മിണ്ടാതിരിക്കുമ്പോൾ അപവാദമായി വന്നത് മുംബൈയിൽ പ്രസിദ്ധീകരിക്കുന്ന പ്രശസ്തമായ *കമ്യൂണലിസം കോംപാറ്റ്* മാസികയാണ്. കോംപാറ്റിന്റെ ആഗസ്റ്റ് ലക്കം കവർ സ്റ്റോറി, To Veil Or Not To Veil പർദ വിവാദത്തിന്റെ വ്യത്യസ്ത വശങ്ങൾ വിശദമാക്കുന്നു. പർദയെ എതിർക്കുന്നവരെങ്കിലും പർദ നിരോധിക്കുന്നതിനെ അനുകൂലിക്കാൻ *കോംപാറ്റ്* സന്നദ്ധമല്ല. Dont Ban Burkha, Question It എന്ന് കവറിൽ തന്നെ പ്രഖ്യാപിക്കുന്നു അവർ. പർദയെയും ബുർഖയെയും പരിഹസിക്കുകയും മതപരമായി തന്നെ അതിന് നിലനിൽപില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ലേഖനങ്ങൾ ഉള്ളപ്പോൾ

തന്നെ ജനാധിപത്യപരമായ സത്യസന്ധത പുലർത്താൻ *കോംപാറ്റി*ന് സാധിച്ചിരിക്കുന്നു-നമ്മുടെ നാട്ടിലെ പല എഴുത്തുകാർക്കും മാധ്യമങ്ങൾക്കുമില്ലാത്ത ഗുണം. www.sabrang.com എന്ന വെബ്സൈറ്റിൽ *കമ്യൂണലിസം കോംപാറ്റി*ന്റെ ഓൺലൈൻ പതിപ്പ് വായിക്കാം.

## കമ്പളത്ത് ഗോവിന്ദൻ നായർ


ഏറനാട്ടിലെ 'മാപ്പിള കവി' കമ്പളത്ത് ഗോവിന്ദൻ നായരുടെ (മരണം 1983, ഏപ്രിൽ 30) ജീവിതവും കലാസാഹിത്യ സംഭാവനകളും വിശദീകരിക്കുന്ന കവർ സ്റ്റോറിയുമായാണ് പുതിയ ലക്കം *ദേശാഭിമാനി* വാരിക പുറത്തിറങ്ങിയിരിക്കുന്നത് (ആഗസ്റ്റ് 09). ഏറനാട്ടുകാരനായ കമ്പളത്ത് ഗോവിന്ദൻ നായർ മലബാർ കലാപവുമായി ബന്ധപ്പെട്ട് മാപ്പിള പ്പാട്ടുകൾ എഴുതിയിട്ടുണ്ട്. മലബാറിലെ കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ നിറഞ്ഞു നിന്നു. മലബാർ കലാപത്തെ വർഗീയ ലഹളയാക്കി തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് കമ്പളത്തിന്റെ രചനകൾ മറുപടി നൽകും. 'ഏറനാട്ടിൻ ധീരമക്കൾ' എന്ന പേരിൽ 1944-ൽ അദ്ദേഹം എഴുതിയ മാപ്പിളപ്പാട്ട് *ദേശാഭിമാനി* വാരിക പ്രസിദ്ധീകരിച്ചു. തുടർന്ന് ബ്രിട്ടീഷ് സർക്കാർ വാരിക കണ്ടുകെട്ടുകയും പാട്ട് നിരോധിക്കുകയും ചെയ്തു. സാഹിത്യ പ്രവർത്തനത്തിന്റെ പേരിൽ അദ്ദേഹം ആറു മാസം ജയിൽ ശിക്ഷ അനുഭവിച്ചു. 'മൂന്ന് വർഷത്തേക്ക് സാഹിത്യ പ്രവർത്തനം നടത്തരുത്' എന്ന വിചിത്രമായ ശിക്ഷയും അദ്ദേഹം ഏറ്റു വാങ്ങി. കമ്പളത്തിന്റെ ആവേശകരമായ കഥ വായനക്കാർക്ക് തുറന്ന് കൊടുക്കുന്നത് അദ്ദേഹത്തിന്റെ പേരമകൻ കെ. വിജയകുമാർ ആണ്. മോയിൻ കുട്ടി വൈദ്യരുടെ മലപ്പുറം പടപ്പാട്ടിനെക്കുറിച്ച് ബഷീർ ചുങ്കത്തറ എഴുതിയ പഠനവും 'പാട്ടു തന്നെ പടക്ക് ആയുധം' എന്ന ടി.കെ ഹംസയുടെ ലേഖനവും ഉണ്ട് ഇതേ ലക്കത്തിൽ. മാറ് മറക്കൽ സമരത്തിന് 150 പൂർത്തിയാവുമ്പോൾ കേരളാ നവോത്ഥാനത്തിൽ മാറ് മറക്കൽ സമരവും ചാന്നാർ ലഹളയും സൃഷ്ടിച്ച അനുരണനങ്ങളെ വിശകലനം ചെയ്യുന്ന ജോയി ബാലൻ വ്ളാത്താങ്കരയുടെ ലേഖനം പഠനാർഹമാണ്.



ഹുദൈബിയുടെ *ദുആതുൻ ലാ ഖുളാത്ത്*

## സയ്യിദ് ഖുത്ബും ബഹുസ്വരതയും

ആധുനിക കാലത്തെ ഇസ്‌ലാമിക ദാർശനികരിൽ ശ്രദ്ധേയനാണ് ശഹീദ് സയ്യിദ് ഖുത്ബ്. ഖുർആൻ വ്യാഖ്യാതാവ്, ഗ്രന്ഥകാരൻ, സാഹിത്യ നിരൂപകൻ, പ്രക്ഷോഭകാരി, പ്രസ്ഥാന നേതാവ് എന്നീ നിലയിലെല്ലാം ലോകമാസകലം അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ *ഫീ ളിലാലിൽ ഖുർആൻ* ലോകത്തെ പല ഭാഷകളിലും-നമ്മുടെ മലയാളത്തിലും-ലഭ്യമാണ്. *ഫീ ളിലാലിൽ ഖുർആനെ* അവലംബിച്ച് ധാരാളം ഗവേഷണ പ്രബന്ധങ്ങളും ഡോക്ടറൽ തിസീസുകളും ലോകത്തെ പല സർവകലാശാലകളിലും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇപ്പറഞ്ഞതിനർഥം ഖുത്ബ് വിമർശനാതീതനായ വ്യക്തിത്വമാണെന്നല്ല. അദ്ദേഹത്തിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും പല കോണിലൂടെയും നിരൂപണം ചെയ്യപ്പെട്ടിട്ടുണ്ട്. എന്തിനധികം, അദ്ദേഹത്തിന്റെ സ്വന്തം പ്രസ്ഥാനമായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ തന്നെ അത്തരം വിമർശനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇഖ്‌വാന്റെ അധ്യക്ഷനായിരുന്ന ഹസനുൽ ഹുദൈബി രചിച്ച *ദുആതുൻ ലാ ഖുളാത്ത്* (നാം പ്രബോധകർ, വിധികർത്താക്കളല്ല) എന്ന ഗ്രന്ഥം തന്നെ അതിന് മികച്ച തെളിവാണ്. ഇതൊക്കെയായിരിക്കെത്തന്നെ ഖുത്ബിന്റെ പാണ്ഡിത്യത്തെയും കഴിവുകളെയും ആരും തള്ളിക്കളയുന്നില്ല. ഇസ്‌ലാമിന്റെ മാർഗത്തിൽ രക്തസാക്ഷിയായ മഹാനാണ് അദ്ദേഹം. എന്നാൽ ഖുത്ബിന്റെ *ഫീ ളിലാലിൽ ഖുർആന്റെ* നിരൂപണം എന്ന പേരിൽ *രിസാല* വാരിക കഴിഞ്ഞ രണ്ട് ലക്കം തുടർച്ചയായി പ്രസിദ്ധീകരിച്ച ഹകീം സഅദിയുടെ ലേഖനം തീർച്ചയായും സാമാന്യ നിലവാരത്തിലേക്കുയർന്നില്ല (ലക്കം 851, 852). ബഹുസ്വര സമൂഹം, മഴവിൽ ലോകം എന്നൊക്കെയുള്ള പദങ്ങൾ ക്ലീഷേയായി പ്രയോഗിച്ച് തീവ്രവാദത്തിന്റെ ഉസ്താദായി ഖുത്ബിന് സ്ഥാനക്കയറ്റം നൽകാനുള്ള വെമ്പൽ മാത്രമായിപ്പോയി ലേഖനം. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ വിമർശന സാഹിത്യത്തിൽ തീർച്ചയായും ഖുത്ബ് വിമർശങ്ങൾക്ക് വലിയ സ്ഥാനവും സാധ്യതയുമുണ്ട്. പക്ഷേ, അത് അൽപം കൂടി ഗൗരവത്തിലും സൂക്ഷ്മതയോടെയും നിർവഹിക്കപ്പെടേണ്ടതാണ്.


സിയാഉദ്ദീൻ സർദാർ

## ബ്രൗൺ സാഹിബ്

സംസ്കാര പഠനം, ഭാവി പഠനം, ഗണിതം, സാഹിത്യം, സിനിമ, വിഷ്വൽ കൾച്ചർ, ഖുർആൻ, ശരീഅത്ത് തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ കൈവെക്കുകയും നിരവധി കനപ്പെട്ട ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്ത ബ്രിട്ടീഷ് ബുദ്ധിജീവിയാണ് സിയാവുദ്ദീൻ സർദാർ. ബ്രിട്ടനിലെ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ നേതൃരംഗത്തുണ്ടായിരുന്ന സർദാർ ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മികച്ച വിമർശകരിലൊരാളാണ്. ആകർഷകമായ എഴുത്തിന്റെ ഉടമ. അപാരമായ വിജ്ഞാനത്തിന്റെ കരുതൽ ശേഖരം. സർദാറിന്റെ ആത്മകഥാപരമായ പുസ്തകം *സ്വർഗം തേടി നിരാശയോടെ* എന്ന പേരിൽ അദർ ബുക്സ്, കോഴിക്കോട് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരിഭാഷ കെ.സി സലീം. ഈ പരിഭാഷയെ മുൻനിർത്തി ഹുദൈഫ റഹ്മാൻ പുതിയ ലക്കം *സമകാലിക മലയാളത്തിൽ* എഴുതിയ ലേഖനം (07 ആഗസ്റ്റ്, ലക്കം 10) പതിവ് സർദാർ ഭക്തിപ്രകടനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്.

ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ച് തികച്ചും ലിബറലായ ചിന്തകൾ അവതരിപ്പിക്കുമ്പോഴും ഒരുപാട് ന്യൂനീകരണങ്ങളും വ്യക്തമാക്കുന്നതാണ് സർദാറിന്റെ കൃതിയെന്ന് ഹുദൈഫ വാദിക്കുന്നു. ബിൻലാദിനെയും ഫലസ്ത്വീൻ പോരാളിയെയും ഒറ്റ ച്ചിത്രമായി അവതരിപ്പിക്കുന്ന സർദാർ ശൈലിയെ ഹുദൈഫ വിമർശിക്കുന്നു. ഓറിയന്റലിസത്തിന്റെ ഭൂതം കുടഞ്ഞു തെറിപ്പിക്കാൻ കഴിയാത്ത ഒരു ബ്രിട്ടീഷ് ജേർണലിസ്റ്റിന്റെ അബോധം സർദാറിനെ വിടാതെ പിന്തുടരുന്നുണ്ട്. മറ്റുള്ളവരെ/ ഇതര സംസ്കാര രീതികളെ ഉൾക്കൊള്ളാൻ കഴിയാത്ത ബ്രിട്ടീഷ് ക്രീമിലെയർ ബോധം മുസ്‌ലിംനാടുകളെ വിശദീകരിക്കുന്നിടത്തും പരിഹസിക്കുന്നിടത്തും സർദാറിന് വന്നുപോയിട്ടില്ലേ? പാകിസ്താനിലെ ഒരു സാധാരണ ഗ്രാമീണ കുടുംബത്തിൽനിന്ന് ബ്രിട്ടനിലേക്ക് കുടിയേറിയ ഒരു ബ്രൗൺ സാഹിബ് മാത്രമാണ് സർദാർ. അദ്ദേഹം അത് മറക്കാതിരിക്കുന്നതല്ലേ നല്ലത്. സർദാറിന്റെ ചില പരാർശങ്ങളിലെങ്കിൽ ഓറിയന്റൽ റേസിസത്തിന്റെ തികട്ടലുകൾ വന്നുപോകുന്നുണ്ടോ എന്ന് ഹുദൈഫക്ക് സംശയമുണ്ട്.

## അനാഥശാലകൾ

വ്യത്യസ്തമായൊരു കവർ സ്റ്റോറിയുമായാണ് പുതിയ ലക്കം *ശബാബ്* (ജൂലൈ 24) ഇറങ്ങിയിരിക്കുന്നത്. 'മലബാറിലെ അനാഥശാല പ്രസ്ഥാനം, ചരിത്രം, വർത്തമാനം, ഭാവി' - എ.പി ഇസ്മാഈൽ, എ. അസ്ഗറലി എന്നിവർ എഴുതുന്നു. കോഴിക്കോട് ജെ.ഡി.ടി യതീംഖാന, തിരൂരങ്ങാടി യതീംഖാന എന്നിവയിലൂടെയാണ് യതീംഖാന പ്രസ്ഥാനത്തിന് കേരളത്തിൽ തുടക്കമാവുന്നത്. മലബാർ കലാപം സൃഷ്ടിച്ച തീരാദുരിതങ്ങളോട് പ്രതികരണമെന്ന നിലക്കാണ് യതീംഖാനകൾ എന്ന ആശയം മലബാറിൽ ഉയർന്നു വന്നത്. 'യാഥാസ്ഥിതിക വിഭാഗങ്ങളിൽ നിന്ന് ശക്തമായ എതിർപ്പാണ് തിരൂരങ്ങാടി യതീംഖാനയുടെ സംസ്ഥാപനവുമായി ബന്ധപ്പെട്ട് ഉണ്ടായത്. ജാര സന്തതികളെ സംരക്ഷിക്കാനുള്ള കേന്ദ്രമാണ് ഇതെന്ന ആക്ഷേപം വരെ ഉയർത്തിവിട്ടു. ഇതിനു പുറമെ, തിരൂരങ്ങാടി യതീംഖാനയുടെ തകർച്ചക്ക് വേണ്ടി പ്രാർഥിച്ച ചില യാഥാസ്ഥിതിക പണ്ഡിതർ പോലും അക്കാലത്തുണ്ടായിരുന്നു'-എ.പി ഇസ്മാഈൽ വിശദീകരിക്കുന്നു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, എം.കെ ഹാജി, കെ.എം മൗലവി, പോക്കർ സാഹിബ് തുടങ്ങിയ മഹാന്മാർ യതീംഖാന പ്രസ്ഥാനത്തിന് നൽകിയ സംഭാവനകൾ വിശദമാക്കുന്നു. അനാഥശാലകളുടെ ഗുണനിലവാരമുയർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് എ. അസ്ഗറലി സൂചിപ്പിക്കുന്നത്. ഇന്ന് കേരളത്തിൽ വ്യത്യസ്ത സംഘടനകളുടേതായി ഉയർന്ന നിലവാരമുള്ള ധാരാളം യതീംഖാനകൾ പ്രവർത്തിക്കുന്നുണ്ട്. അവയെക്കുറിച്ച് പരിചയപ്പെടുത്തുന്ന ഭാഗം കൂടി ഉണ്ടായിരുന്നെങ്കിൽ കവർ സ്റ്റോറി ഒന്നു കൂടി മികവുറ്റതാകുമായിരുന്നു.

## സാംസ്കാരിക പൈതൃകം

ഈ കോളത്തിൽ ഇതുവരെ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ഒരു മുസ്‌ലിം പ്രസിദ്ധീകരണമാണ് *സാംസ്കാരി പൈതൃകം* മാസിക. രണ്ട് വർഷമായി കോഴിക്കോട് നിന്ന് ഇറങ്ങുന്നു. കാനേഷ് പൂനൂർ ആണ് എഡിറ്റർ. സംസ്കാരം, കല, ഇസ്‌ലാമിക ദർശനം, തത്ത്വചിന്ത തുടങ്ങിയവക്കാണ് മുൻഗണന. രാഷ്ട്രീയം അശേഷം ഇല്ല എന്നു തന്നെ പറയാം. പുതിയ ലക്കം 'കല എന്ന ആത്മീയ അനുഭവം' എന്ന കവർ സ്റ്റോറിയുമായി സാമാന്യ നിലവാരം പുലർത്തി. വിലാസം: തിരുത്തിയാട്, പുതിയറ പി.ഒ കോഴിക്കോട് -04 ■